I/556275/2023

NO TO DRUGS

## എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം.ഹണി ജി അലക്സാണ്ടർ )

വിഷയം:- പൊതുവിദ്യാഭ്യാസം - അന്തർജില്ലാ സ്ഥലം മാറ്റവും നിയമനവും 2023-24- എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി/പിഡിടീച്ചർ -അന്തിമ ഉത്തരവ് -പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 27/10/2023 തിയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ 1/11483/2023/ഡി.ജി.ഇ നമ്പർ സർക്കുലർ.
2) സ.ഉ.(അച്ചടി) നം.36/1991/ഉ.ഭ.വ.തിയതി 02.12.1991
3) സ.ഉ.(കൈ) നം.120/1999/പൊ.വി.വ.തിയതി 25.05.1999
4) സ.ഉ.(അച്ചടി) നം.42/2012/ഉ.ഭ.വ.തിയതി 23.08.2012
5) സ.ഉ.(അച്ചടി) നം.27/2021/പൊ.വി.വ.തിയതി 24.12.2021

**ഉത്തരവ് നമ്പർ DDEEKM/9668/2023-A4 തീയതി : 20-12-2023**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സൂചന (1) പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ എറണാകുളം റവന്യൂ ജില്ലയിലെ സർക്കാർ സ്ക്കൂളുകളിലേയ്ക്കുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഓൺ ലൈൻ മുഖേന ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്ക്കൂളുകളിലേക്ക് അന്തർ ജില്ല സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന ചുവടെ സൂചിപ്പിച്ചിരിക്കുന്ന അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന ദിവസം ടി ജീവനക്കാരൻ ഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനെ വിടുതൽ ചെയ്യുന്നതിൽ മുൻപ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫീസ് മേധാവി മേലൊപ്പു ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരൻ ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി സ്ഥലംമാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദു ചെയ്യുന്നതായിരിക്കും. മേൽപ്പറഞ്ഞ അധ്യാപകരെ വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ

I/556275/2023

പ്രവേശിക്കുന്ന തീയതിയും ഈ ആഫീസിൽ യഥാസമയം അറിയിക്കേണ്ടതുമാണ്. സ്ഥലംമാറ്റം നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ഉചിതമാർഗ്ഗേന ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റമെന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും. 23.08.2012ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 42/2012/ഉ.ഭ.പ.വ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ഈ ജില്ലയിൽ പുതുതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേതാണ്.

**എല്.പി.എസ്.റ്റി/യു.പി.എസ്.റ്റി/പി. ഡി ടീച്ചർ**

| SL.NO. | NAME OF THE TEACHER AND DESIGNATION | PRESENT SCHOOL | TRANSFERRED SCHOOL | REMARKS |
|---|---|---|---|---|
| 1 | Rajimol K G<br>LPST | **Govt. U. P. School Painavu** | Govt.LPS Koothattukulam | LPST Vacancy |
| 2 | **Rakhi P Raju<br>PD Teacher-LPST** | **Govt.U.P.S.Mulakkulam** | GHS Mammalassery | LPST Vacancy |
| 3 | Carmel Ben<br>**PD Teacher-UPST** | **Govt.Town U.P.S Kollam** | GVHSS PALLARIMANGALAM | UPST VACANCY |
| 4 | Ratheesh R<br>UPST | **Govt HSS Perumpalam** | Govt.UPS Ezhakkaranad | UPST VACANCY |
| 5 | **Lijo P George<br>LPST** | **GHS Machiplavu** | GHS Ayyankavu | LPST Vacancy |
| 6 | **Biju Kuriakose<br>PD Teacher - UPSA** | **G. U. P. S Niramaruthur** | Govt.UPS Ezhakkaranad | UPST VACANCY |

Signed by
Honey G Alexander
Date: 20-12-2023 22:34:26

ഹണി ജി അലക്സാണ്ടർ
പെൻ : 260395
വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ് :

I/556275/2023

1. ബന്ധപ്പെട്ട അദ്ധ്യാപകർ
2. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ്: കരുതൽ ഫയൽ.

------------